# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2615** **13.03.2020 ൽ മറുപടിക്ക്**

## പാലങ്ങളുടെ ബലപരിശോധന

| **ചോദ്യം**<br>**ശ്രീ.അൻവർ സാദത്ത്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ 260 ലധികം പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിരുന്നോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമായിരുന്നു. കഴിഞ്ഞ രണ്ട് പ്രളയത്തിനു ശേഷമുള്ള പരിശോധനയിൽ 67 പാലങ്ങൾകൂടി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം പാലങ്ങൾ വിഭാഗത്തിനു കീഴിൽ ആകെ 229 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമായി കാണുന്നു. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ കൊല്ലം ജില്ലയിലെ ദേശീയപാത 744 ലെ കോയിക്കൽ പാലവും മലപ്പുറം ജില്ലയിലെ ഓരേടംപാലവും പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്ത് ഉണ്ടായ പ്രകൃതി ക്ഷോഭത്തിൽ എത്ര പാലങ്ങളാണ് പൂർണ്ണമായും തകർന്നത്; ഇതിൽ നേരത്തെ ബലപരിശോധന നടത്തിയവ ഉൾപ്പെട്ടിട്ടുണ്ടോ; | (ബി) 2018-ലെ പ്രളയത്തിൽ പാലങ്ങൾ വിഭാഗത്തിനു കീഴിലുള്ള പൊല്ലംപാറ (വയനാട്), പെരിയവാര (ഇടുക്കി), കുണ്ടറച്ചോല (പാലക്കാട്) എന്നീ 3 പാലങ്ങളും 2019-ലെ പ്രളയത്തിൽ കൈപ്പനിക്കടവ് (മലപ്പുറം), പോത്തുണ്ടി (കോഴിക്കോട്), കച്ചേരിക്കടവ് പഴയപാലം (കണ്ണൂർ), നടുത്തോട് (കോഴിക്കോട്) എന്നീ പാലങ്ങളും |

ഗതാഗതയോഗ്യമല്ലാത്ത വിധം തകർന്നു. പ്രളയത്തിന് മുൻപ് ബലപരിശോധന നടത്തിയ 162 പാലങ്ങളിൽ മുകളിൽ പറഞ്ഞ തകർന്ന പാലങ്ങൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ദേശീയപാത 185 ലെ (അടിമാലി-കമളി ദേശീയപാത) ചെറുതോണി പാലത്തിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതും നേരത്തെ ബലപരിശോധന നടത്തിയ പാലങ്ങളിൽ ഉൾപ്പെട്ടതല്ല.

| | |
|---|---|
| (സി) ബലപരിശോധനയിൽ പുനർ നിർമ്മിക്കണമെന്ന് കണ്ടെത്തിയ പാലങ്ങളുടെയും പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന പാലങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; | (സി) ബലപരിശോധനയിൽ പുനർ നിർമ്മിക്കണമെന്ന് കണ്ടെത്തിയ 6 പാലങ്ങളുടെ (തൃക്കുട്ടിശ്ശേരി പാലം - കോഴിക്കോട്, തട്ടാരി പാലം - കണ്ണൂർ, ഇരിണാവ് പാലം - കണ്ണൂർ, പുഴയ്ക്കൽ പാലം - തൃശ്ശൂർ, മുറിയൻതോട് പാലം - തൃശ്ശൂർ, Culvert near Thrikkayil Temple – ആലപ്പുഴ) നിർമ്മാണം പൂർത്തിയായി. പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന പാലങ്ങളുടെ നിർമ്മാണം ഒന്നും തന്നെ പൂർത്തിയായിട്ടില്ല. |
| (ഡി) ഇക്കാര്യത്തിനായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ? | (ഡി) പണി പൂർത്തിയാക്കിയ 6 പാലങ്ങൾക്കുമായി ആകെ മൊത്തം 2757.05 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ